(സി) കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്ക് ജനങ്ങളിൽ നിന്നും വിനോദനികുതി ഇനത്തിൽ 2003 വരെ പിരിച്ചെടുത്ത 8 കോടി 50 ലക്ഷം രൂപ സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം വിനോദ നികുതിയായി പിരിച്ച തുക സർക്കാരിലേക്ക് അടയ്ക്കാതെ ടിക്കറ്റ് പാർജ്ജ് വീണ്ടും വർദ്ധിപ്പിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നാളിതുവരെ വിനോദ നികുതിയായി എന്തു തുകയാണ് പ്രസ്തുത സ്ഥാപനം പിരിച്ചെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):

(എ) ഇല്ല.

(ബി) അമ്യൂസ്മെന്റ് പാർക്കുകൾ വിനോദ നികുതി സർക്കാരിലേക്ക് അടയ്ക്കേണ്ടതില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദനികുതി ഈടാക്കുന്നുണ്ട്.

(സി) കേരള ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവുമൂലം വിനോദ നികുതി ഈടാക്കൽ തടഞ്ഞിരിക്കുകയാണ്. ഇതിനെതിരെ പഞ്ചായത്ത് സുപ്രീംകോടതിയിൽ അപ്പീൽ നൽകി കേസ്സ് നടന്നുവരുന്നു. തുക പഞ്ചായത്തിനാണ് നൽകേണ്ടത്. സർക്കാരിനല്ല.

(ഡി) ഇല്ല.

(ഇ) 4-4-2000 മുതൽ 30-11-2002 വരെ 8,50,20,957 രൂപയാണ് വിനോദ നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിരുന്നത്. ആയത് പുതുക്കി പ്രവേശന നിരക്കിന്റെ യഥാർത്ഥ നികുതി കണക്കാക്കിയപ്പോൾ 6,98,79,750 രൂപ മാത്രമാണ് ലഭിക്കേണ്ടത്. 30-11-2002-ന് ശേഷം വീഗാലാൻറ് അമ്യൂസ്മെന്റ് പാർക്ക് അധികാരികൾ കളക്ഷൻ സ്റ്റേറ്റ്മെന്റ് പഞ്ചായത്തിൽ നൽകുന്നില്ല.

എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനവും പ്രയോജനവും

18 [*165] ശ്രീ. വി. ശങ്കരൻ :

,, സി. വി. മുഹമ്മദ് :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്. ഐ. വി. വ്യാപനം തടയുന്നതിന് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ഇതുവരെ ഒരു ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നോ ; ഉണ്ടായിരുന്നെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് പ്രസ്തുത സൊസൈറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിന്റെ പ്രയോജനം എത്ര എച്ച്. ഐ. വി. ബാധിതർക്ക് ലഭിച്ചു;

(സി) ഈ വർഷം എച്ച്. ഐ. വി. വ്യാപനം തടയുവാൻ എന്തെല്ലാം നടപടികളെടുക്കുവാനാണ് പ്രസ്തുത സൊസൈറ്റി ഉദ്ദേശിക്കുന്നത്;

(ഡി) അതിന്റെ ഫലമായി എത്ര പേർക്ക് പ്രയോജനം കിട്ടുമെന്ന് വ്യക്തമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ആക്ഷൻ പ്ലാൻ ഉണ്ട്. എച്ച്. ഐ. വി. വ്യാപനവും നിയന്ത്രണവും സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി 5 വർഷത്തേക്കുള്ള ദീർഘകാല ആക്ഷൻ പ്ലാൻ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ നിർദ്ദേശാനുസരണം തയ്യാറാക്കുകയും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. രോഗബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.

(1) എയ്ഡ്സ് രോഗം ബാധിക്കാൻ സാദ്ധ്യത കൂടുതൽ ഉള്ളവരുടെ ഇടയിലുള്ള വിശദ്യവേധിയായ പ്രവർത്തനങ്ങൾ, ലൈംഗിക രോഗങ്ങളും ചികിൽസയും വ്യാപനം തടയലും, ഉറയുടെ ഉപയോഗം വർദ്ധിപ്പിക്കലും.

(2) സന്നദ്ധ സംഘടനയുടെ സഹായത്തോടെയുള്ള സ്വഭാവ വ്യതിയാനത്തിനുള്ള പ്രവർത്തനങ്ങൾ.

(3) സാമാന്യ ജനങ്ങൾക്കിടയിൽ എയ്ഡ്സിനെപ്പറ്റി അവബോധം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ രക്തബാങ്കുകളുടെ നവീകരണവും ദൈനംദിന പ്രവർത്തനങ്ങളും, സ്വമേധയാ രക്ത പരിശോധനയ്ക്കുള്ള സംവിധാനം, അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള രോഗ സംക്രമണം തടയൽ, സൗജന്യ മരുന്നു വിതരണം.

(4) എയ്ഡ്സ് രോഗികളുടെ പരിപാലനവും ശുശ്രൂഷയും.

(5) സാമൂഹ്യ ക്ഷേമം, വിദ്യാഭ്യാസം, ജയിൽ, റെയിൽവേ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ടു എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകുകയും പ്രവർത്തികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

(ബി) ഈ ആക്ഷൻ പ്ലാൻ കേരളത്തിലെ സർക്കാർ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾവഴിയും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേനയുമാണ് പ്രധാനമായും നടപ്പിലാക്കുന്നത്. ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രിയിലെയും മെഡിക്കൽ കോളേജുകളിലെയും രക്ത ബാങ്കുകളുടെ നവീകരണം, പുനരുദ്ധാരണം, ആവർത്തന ചെലവുകൾ എന്നിവ നടപ്പിലാക്കുക, അശരണരും ശയ്യാവലംബികളുമായ എയ്ഡ്സ് രോഗികൾക്ക് പരിചരണ കേന്ദ്രങ്ങൾ നടത്തുക, സർക്കാർ ആശുപത്രികളിലെ ലൈംഗിക കേന്ദ്രങ്ങളിൽ മരുന്ന്, ഉപകരണങ്ങൾ, റീ ഏജന്റ് എന്നിവ വിതരണം ചെയ്യുക, അനുബന്ധ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യ വിതരണത്തിന് എത്തിക്കുക, എച്ച്. ഐ. വി. എയ്ഡ്സ് രോഗികളെ ചികിൽസിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന ഇൻഫക്ഷൻ തടയുവാനുള്ള മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുക തുടങ്ങിയവ ചെയ്തുവരുന്നു. എയ്ഡ്സ് ഒരു നോട്ടിഫൈയബിൾ ഡിസീസ് അല്ലാത്തതി നാൽ വ്യക്തമായ കണക്കുകൾ ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതുകൊണ്ട് കൃത്യമായ എണ്ണം കണക്കാക്കാൻ കഴിയുന്നില്ല.

(സി) മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനോടൊപ്പം താഴെ പറയുന്ന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു ;

(1) തെരെഞ്ഞെടുത്ത താലൂക്ക്തല ആശുപത്രികളിൽ വി. സി. റ്റി. സി. സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(2) തെരെഞ്ഞെടുക്കപ്പെട്ട ലൈംഗിക രോഗ ചികിത്സാ കേന്ദ്രങ്ങളുടെ നവീകരണവും മരുന്ന് ലഭ്യമാക്കലും.

(3) എച്ച്. ഐ. വി.യുമായി ബന്ധപ്പെട്ട സി. ഡി. 4, സി. ഡി. 8 കൗണ്ട് ടെസ്റ്റ് ചെയ്യാനുള്ള സംവിധാനം കൂടുതൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുക.

(4) അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള വ്യാപനം തടയുന്നതിനുള്ള പദ്ധതി താലൂക്ക് ആശുപത്രിതലത്തിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(5) ആന്റി റിട്രോവൈറൽ തെറാപ്പി മരുന്നുകൾ കൂടുതൽ ആശുപത്രികളിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(6) സർക്കാരിലേയും സ്വകാര്യ മേഖലയിലേയും ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഇതു സംബന്ധിച്ച് പ്രത്യേക പരിശീലനം കൊടുക്കുന്നുണ്ട്.

(7) തിരുവനന്തപുരം കേന്ദ്രമാക്കി എയ്ഡ്സ് രോഗികളെ പരിചരിക്കാനുള്ള ഒരു കെയർ സെന്റർ പ്രവർത്തനം തുടങ്ങാനും ഉദ്ദേശിക്കുന്നു.

(ഡി) എയ്ഡ്സ് നിയമപരമായി നോട്ടിഫയബിൾ ഡിസീസ് അല്ലാത്തതിനാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ആശുപത്രികളിൽ നിന്നു ലഭിക്കുന്നതിന് നിയമതടസ്സമുണ്ട്. മേൽപറഞ്ഞ സൗകര്യങ്ങൾ സൗജന്യമായി എല്ലാ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കേരളത്തിലെ എയ്ഡ്സ് ബാധിതരായ എല്ലാ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly